REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 13-01-2025 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി ജമ്മു കശ്മീരിലെ സോനാമാർഗ് ടണൽ പദ്ധതി ഇന്ന് ഉദ്ഘാടനം ചെയ്യും.
- മകരവിളക്കിന് സന്നിധാനം ഒരുങ്ങി. പമ്പ വിളക്കും, പമ്പാ സദ്യയും ഇന്ന്.
- പത്തനംതിട്ടയിൽ വിദ്യാർത്ഥിനി തുടർച്ചയായ ലൈംഗിക പീഡനത്തിന് ഇരയായ സംഭവത്തിൽ പൊലീസ് കൂടുതൽ കേസുകളെടുത്തു. അന്വേഷണത്തിന് പ്രത്യേക സംഘം.
- സംസ്ഥാനത്തെ എല്ലാ മാവേലി സ്റ്റോറുകളും കൂടുതൽ സൗകര്യത്തോടെ സൂപ്പർമാർക്കറ്റുകളാക്കി മാറ്റുമെന്ന് മന്ത്രി G.R അനിൽ.
- അയർലണ്ടിനെതിരായ ഏകദിന വനിതാ ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.
- ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് കൊച്ചിയിൽ ഒഡീഷ FC യെ നേരിടും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ജമ്മു കശ്മീരിലെ സോനാമാർഗ് ടണൽ പദ്ധതി ഇന്ന് ഉദ്ഘാടനം ചെയ്യും. ലേയിലേക്കു ശ്രീനഗറിനും സോനാമാർഗിനും ഇടയിൽ എല്ലാ കാലാവസ്ഥയിലും കണക്റ്റിവിറ്റി നൽകുന്നതാണ് തുരങ്കം. പ്രധാനമന്ത്രി സന്ദർശന വേളയിൽ നിർമാണത്തൊഴിലാളികളെ കാണുകയും ഈ എഞ്ചിനീയറിംഗ്

നേട്ടത്തിന് അവർ നൽകിയ സംഭാവനകൾ അംഗീകരിക്കുകയും ചെയ്യും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)......

ഏകദേശം 12 കിലോമീറ്റർ നീളം വരുന്ന സോനാമാർഗ് ടണൽ പദ്ധതി 2,700 കോടി രൂപ ചെലവിലാണ് നിർമ്മിച്ചിരിക്കുന്നത്. സോനാമാർഗ് പ്രധാന തുരങ്കം, ഒരു എഗ്രസ് ടണൽ, അപ്രോച്ച് റോഡുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. മണ്ണിടിച്ചിലും ഹിമപാത സാധ്യതയുള്ള വഴികളും മറികടന്ന് തന്ത്രപ്രധാനമായ ലഡാക്ക് മേഖലയിലേക്ക് സുരക്ഷിതവും തടസ്സമില്ലാത്തതുമായ പ്രവേശനം തുരങ്കം ഉറപ്പാക്കും. ശൈത്യകാല വിനോദസഞ്ചാരം, സാഹസിക വിനോദങ്ങൾ, പ്രാദേശിക ഉപജീവനമാർഗങ്ങൾ എന്നിവ വർധിപ്പിച്ച് തുരങ്കം ടൂറിസത്തെ പ്രോത്സാഹിപ്പിക്കും. വാഹനത്തിന്റെ വേഗം മണിക്കൂറിൽ 30 കിലോമീറ്ററിൽ നിന്ന് 70 കിലോമീറ്ററായി ഉയർത്താനും, ശ്രീനഗർ താഴ്-വരയ്ക്കും ലഡാക്കിനുമിടയിൽ തടസ്സമില്ലാത്ത കണക്റ്റിവിറ്റി ഉറപ്പാക്കാനും ഇത് സഹായിക്കും.

✪✪✪

ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ മഹാകുംഭമേളക്ക് അമൃത് സ്നാനത്തോടെ തുടക്കമായി. കോടിക്കണക്കിന് തീർത്ഥാടകർ ഗംഗ, യമുന, സരസ്വതി നദികളുടെ സംഗമസ്ഥാനമായ ത്രിവേണി സംഗമത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുണ്യസ്നാനം നടത്തും. അടുത്തമാസം 26 വരെ തുടരുന്ന മേളയിൽ 45 കോടിയിലധികം ഭക്തർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്‌ദീപ് ധങ്കറും ലോഹ്റി ദിനത്തിൽ ആശംസ നേർന്നു. നാളെ ആഘോഷിക്കുന്ന മകരസംക്രാന്തി, പൊങ്കൽ, മാഗ് ബിഹു ഉത്സവങ്ങൾക്കും രാഷ്ട്രപതി ആശംസ നേർന്നു.

ഈ ഉത്സവങ്ങൾ രാജ്യത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകങ്ങളാണെന്നും എല്ലാവരുടെയും ജീവിതത്തിൽ ഉത്സാഹവും സന്തോഷവും നൽകുന്നതാണെന്നും രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

ഈ ഉത്സവങ്ങൾ വിളവെടുപ്പ് കാലത്തെ ബഹുമാനിക്കുന്ന രാജ്യത്തിന്റെ പുരാതന പാരമ്പര്യത്തെ പ്രതിനിധീകരിക്കുന്നുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

✪✪✪

നാളത്തെ മകരവിളക്കിന് സന്നിധാനം ഒരുങ്ങി. അയ്യപ്പസ്വാമിയെയും ശ്രീകോവിലും ഒരുക്കുന്നതിന്റെ ഭാഗമായി തന്ത്രിയുടെ കാർമ്മികത്വത്തിൽ ഇന്നലെ ആരംഭിച്ച പ്രസാദ ശുദ്ധിക്രിയകൾ ഇന്നും തുടരും. മകരവിളക്കു കാലത്തെ പ്രധാന ചടങ്ങായ പമ്പാവിളക്കും, പമ്പാസദ്യയും ഇന്ന് നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.

....(വോയ്സ്)......

എരുമേലിയിൽ പേട്ട തുള്ളിയ അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങൾ കാനന പാത വഴി കാൽനടയായി ഇന്നലെ വൈകിട്ട് പമ്പയിൽ എത്തി. പമ്പാസദ്യ ഒരുക്കം പുരോഗമിക്കുന്നു. ഇന്ന് ഉച്ചയോടെ പാചകം പൂർത്തിയാകും. തുടർന്ന് ആദ്യം എല്ലാ വിഭവങ്ങളും അയ്യപ്പ സ്വാമിക്കു വിളമ്പും. പിന്നെ സദ്യയും നടക്കും. വൈകിട്ടാണ് പമ്പവിളക്ക്. പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ നിന്നു പുറപ്പെട്ട തിരുവാഭരണ ഘോഷയാത്ര പരമ്പരാഗത തിരുവാഭരണ പാതയിലൂടെ അയിരൂർ പുതിയകാവ് ക്ഷേത്രത്തിലെത്തി വിശ്രമിച്ച ശേഷം പുലർച്ചെ മൂന്നിന് യാത്ര തുടങ്ങി. രണ്ടാം ദിവസമായ ഇന്ന് പെരുനാട് വഴി ളാഹ വനംവകുപ്പു സത്രത്തിലെത്തി രാത്രിവിശ്രമിക്കുന്ന സംഘം നാളെ വൈകിട്ട് ദീപാരാധനയ്ക്ക് മുൻപായി സന്നിധാനത്തെത്തും.

✪✪✪

നാളെ മകരജ്യോതി ദർശിച്ചശേഷം പുല്ലുമേട് നിന്നും സന്നിധാനത്തേക്ക് തീർത്ഥാടകരെ കടത്തിവിടില്ലെന്ന് ഇടുക്കി ജില്ലാ കളക്ടർ V.വിഗ്നേശ്വരി അറിയിച്ചു. വന്യമൃഗങ്ങളുടെ സഞ്ചാരപാതയിൽ രാത്രിയാത്ര ഒരുകാരണവശാലും അനുവദിക്കാൻ കഴിയില്ലെന്ന് അവർ പറഞ്ഞു. തീർത്ഥാടകർ പുല്ലുമേട്ടിൽ മകരവിളക്ക് ദർശിച്ച ശേഷം തിരികെ സത്രത്തിലേക്ക് മടങ്ങണം. അടുത്തദിവസം രാവിലെ മാത്രമേ സന്നിധാനത്തേക്ക് യാത്ര അനുവദിക്കൂ എന്നും കളക്ടർ അറിയിച്ചു.

ശബരിമലയിൽ നിന്ന് പുല്ലുമേട്ടിലേക്ക് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ യാത്ര ചെയ്യാം.

✪✪✪

ശബരിമല തീർത്ഥാടകർക്കായി നിലയ്ക്കലിൽ എല്ലാവിധ സൗകര്യങ്ങളോടു കൂടിയ ബഹുനില മന്ദിരം നിർമിച്ചതായി മന്ത്രി V.N വാസവൻ അറിയിച്ചു. ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ പമ്പ മണപ്പുറത്ത് സംഘടിപ്പിച്ച പമ്പാ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

എരുമേലി, ചെങ്ങന്നൂർ, കഴക്കൂട്ടം, ആറ്റിങ്ങൽ എന്നിവിടങ്ങളിലും കെട്ടിടങ്ങളുടെ നിർമാണം സമീപഭാവിയിൽ പൂർത്തിയാകും. ശബരിമല തീർത്ഥാടകർക്ക് എല്ലാവിധ സൗകര്യങ്ങളും ഉറപ്പാക്കുകയാണ് ഗവൺമെന്റ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ശബരിമല റോപ്പ് വേ ഉടൻ യാഥാർത്ഥ്യമാകുമെന്നും ഇത് ശബരിമലയിൽ എത്തുന്ന വയോധികർക്കും രോഗികളായ തീർത്ഥാടകർക്കും ഏറെ ആശ്വാസമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ട്രാക്ടറുകളുടെയും ഡോളികളുടെയും ഉപയോഗം ഒഴിവാക്കാനാകുമെന്നും VN വാസവൻ പറഞ്ഞു.

✪✪✪

പത്തനംതിട്ടയിൽ വിദ്യാർത്ഥിനി തുടർച്ചയായ ലൈംഗിക പീഡനത്തിന് ഇരയായ സംഭവത്തിൽ പൊലീസ് കൂടുതൽ കേസുകളെടുത്തു. പത്തനംതിട്ട, ഇലവുംതിട്ട പോലീസ് സ്റ്റേഷനുകളിലായി ഇതുവരെ 18 കേസുകളിലായി 28 പ്രതികളെയാണ് അറസ്റ്റു ചെയ്തത്. ഇതിൽ 4 പേർ പ്രായപൂർത്തിയാകാത്തവരാണ്. സമൂഹമാധ്യമം വഴി പരിചയപ്പെട്ടവരും പെൺകുട്ടിയെ പീഡിപ്പിച്ചു.

പീഡനകേസിൽ അറസ്റ്റിലായ ചില വിദ്യാർഥികളുടെ ബന്ധുക്കൾ മക്കൾ അറസ്റ്റിലായ ഞെട്ടലിൽ പത്തനംതിട്ട പോലീസ് സ്റ്റേഷനിലെത്തി പ്രതിഷേധിച്ചു.

അതിനിടെ കേസന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ചു. തിരുവനന്തപുരം റേഞ്ച് DIG അജിതാ ബീഗത്തിന്റെ മേൽനോട്ടത്തിൽ ജില്ലാ പോലീസ് മേധാവി V.G വിനോദ് കുമാറിന്റെ നേതൃത്വത്തിലാണ് പുതിയ സംഘം കേസ് അന്വേഷിക്കുന്നത്.

പെൺകുട്ടിയുടെ മൊബൈൽ ഫോണുകളും മറ്റും പരിശോധിച്ച് വിശദമായ അന്വേഷണം തുടരുകയാണെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു.

✪✪✪

പത്തനംതിട്ട പീഡന കേസ് വനിത I.G അന്വേഷിക്കണമെന്ന് മഹിള കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ജെബി മേത്തർ M.P ആവശ്യപ്പെട്ടു. പിണറായി ഗവൺമെന്റിന്റെ നവ കേരളം സ്ത്രീ പീഡനങ്ങളുടെ നാടായി മാറിയിരിക്കുകയാണെന്നും അവർ കണ്ണൂരിൽ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ എല്ലാ മാവേലി സ്റ്റോറുകളും കൂടുതൽ സൗകര്യത്തോടെ സൂപ്പർമാർക്കറ്റുകളാക്കി മാറ്റുമെന്ന് മന്ത്രി G.R അനിൽ അറിയിച്ചു. പെരിന്തൽമണ്ണ ഏലംകുളത്ത് സപ്ലൈകോ സൂപ്പർമാർക്കറ്റിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും ഒരു ഷോപ്പ് പോലും പൂട്ടുകയോ തൊഴിലാളികളെ പിരിച്ചുവിടുകയോ ഉണ്ടായിട്ടില്ലെന്നും മന്ത്രി പറഞ്ഞു. 30 മുതൽ 40 ലക്ഷം വരെ ആളുകൾ പ്രതിമാസം സപ്ലൈകോ ഷോപ്പുകളിൽ നിന്ന് സബ്സിഡി അടക്കം ഉത്പന്നങ്ങൾ വാങ്ങുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. വലിയ വിലവർധനയിലേക്ക് സംസ്ഥാനം പോകാത്തത് ഗവൺമെന്റിന്റെ ഇത്തരം ഇടപെടൽ കൊണ്ടാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

തൃശ്ശൂർ പീച്ചി ഡാം റിസർവോയറിന്റെ തെക്കേക്കുളം ഭാഗത്തു വീണ നാല് വിദ്യാർഥിനികളിൽ ഒരാൾ മരിച്ചു. പട്ടിക്കാട് ചുങ്കത്ത് അലീനാ ഷാജനാണ് മരിച്ചത്. തൃശ്ശൂർ സെയ്ന്റ് ക്ലേയേഴ്സ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിനിയാണ്. വെള്ളത്തിൽ വീണ മറ്റു മൂന്നു പേരും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ് .

ഇന്നലെ ഉച്ചകഴിഞ്ഞായിരുന്നു അപകടം. പള്ളിപ്പെരുന്നാൾ ആഘോഷത്തിന് സുഹൃത്തിന്റെ വീട്ടിലെത്തിയ ഇവർ റിസർവോയർ കാണാൻ പോയതായിരുന്നു. പാറപ്പുറത്തിരിക്കുന്നതിനിടെ രണ്ട് പേർ കാൽ വഴുതി വെള്ളത്തിലേക്കു വീണു. ഇവരെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെയാണ് മറ്റു രണ്ടു പേരും വീണത്.

✪✪✪

അയർലണ്ടിനെതിരായ ഏകദിന വനിതാ ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്)....

രാജ്കോട്ടിലെ സൗരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ഇന്നല നടന്ന രണ്ടാം മത്സരത്തിൽ 116 റൺസിന് അയർലണ്ടിനെ തോൽപ്പിച്ചാണ് മൂന്ന് മത്സര പരമ്പര ഇന്ത്യ സ്വന്തമാക്കിയത്. ഇന്ത്യയ്ക്ക് വേണ്ടി ദീപ്തി ശർമ മൂന്ന് വിക്കറ്റെടുത്തു. പ്രിയ മിസ്ര രണ്ടും ടൈറ്റസ് സാധുവും സയാലി സത്ഗരെയും ഒരു വിക്കറ്റ് വീതവും വീഴ്ത്തി.

ഇന്ത്യ ഉയർത്തിയ 371 റൺസ് പിന്തുടർന്ന അയർലൻഡിന് 254 റൺസ് എടുക്കാനേ കഴിഞ്ഞുള്ളൂ. ആദ്യ മത്സരത്തിലും ഇന്ത്യക്കായിരുന്നു ജയം. ബുധനാഴ്ചയാണ് പരമ്പരയിലെ അവസാന മത്സരം.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് ഒഡീഷ FC യെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

ഇന്നലെ മുംബൈയിൽ നടന്ന മത്സരത്തിൽ ജംഷഡ്പൂർ FC മുംബൈ സിറ്റി FC യെ എതിരില്ലാത്ത മൂന്ന് ഗോളിന് തോൽപ്പിച്ചു.

✪✪✪

ഖോ-ഖോ ലോകകപ്പിന് ഇന്ന് ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ തുടക്കമാവും. ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ ഇന്ന് നേപ്പാളിനെ നേരിടും. രാത്രി എട്ടരയ്ക്കാണ് മത്സരം.

✪✪✪

തെക്കൻ കലാമണ്ഡലം യാഥാർത്ഥ്യമാക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. അയിരൂർ കഥകളി ഗ്രാമത്തിൽ നടന്നു വന്ന കഥകളിമേളയുടെ സമാപനത്തൊടനുബന്ധിച്ച് സംഘടിപ്പിച്ച സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കഥകളിമേള നടക്കുന്ന പമ്പാതീരത്ത് ടൂറിസം പദ്ധതികൾക്കും സാധ്യതയുണ്ടെന്നും വീണാ ജോർജ് അഭിപ്രായപ്പെട്ടു.

✪✪✪

ഭാരതീയ പാരമ്പര്യചികിത്സ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. മറ്റ് വൈദ്യസമ്പ്രദായങ്ങളുമായി ഏറ്റുമുട്ടാതെ ഭാരതീയ വൈദ്യത്തിന്റെ മേന്മ അവതരിപ്പിക്കുക എന്നതായിരിക്കണം പാരമ്പര്യ വൈദ്യത്തിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. കേരള ആയുർവേദ പാരമ്പര്യ വൈദ്യ ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി ഓഫീസ് കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

SNDP യൂണിയന്റേയും BDJS ന്റേയും ഭാരവാഹിയായിരുന്ന സതീശ് കുറ്റിയിലിന്റെ പേരിൽ പൊതു പ്രവർത്തകർക്കു നൽകുന്ന സേവാ പുരസ്ക്കാരം രാവിലെ കോഴിക്കോട്ട് ഗോവ ഗവർണർ P.S ശ്രീധരൻ പിള്ള, BJP ജില്ലാ പ്രസിഡന്റ് V.K സജീവന് സമ്മാനിക്കും. പ്രഥമ സേവാ പുരസ്കാരമാണ് സമ്മാനിക്കുന്നത്.

✪✪✪

മുണ്ടക്കൈ - ചൂരൽമല സമ്പൂർണ പുനരധിവാസം എപ്പോൾ ഉണ്ടാകുമെന്ന് സമയബന്ധിതമായ പ്രഖ്യാപനം ഗവൺമെന്റ് നടത്തണമെന്ന് കല്പറ്റ MLA യും കെപിസിസി വർക്കിങ് പ്രസിഡന്റുമായ T. സിദ്ദിഖ് ആവശ്യപ്പെട്ടു. ജീവനോപാധി ഉൾപ്പെടെ മുഴുവൻ കാര്യങ്ങളും ഇതിൽ ഉൾപ്പെടുത്തണമെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

നഷ്ടപ്പെട്ട ഭൂമി, കാർഷിക വിഭവങ്ങൾ എന്നിവയിൽ ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം. കോടതി വ്യവഹാരം കാരണം പുനരധിവാസത്തിന് അഞ്ചുമാസം നഷ്ടമായെന്നും, ഇതിന് ഗവൺമെന്റാണ് ഉത്തരവാദിയെന്നും സിദ്ദിഖ് കുറ്റപ്പെടുത്തി. ഇനിയും കണ്ടെത്താത്ത 32 പേരെ മരിച്ചതായി ഉറപ്പ് വരുത്തി കുടുംബങ്ങൾക്ക് സഹായം നൽകണമെന്നും ടി.സിദ്ദിഖ് ആവശ്യപെട്ടു.

✪✪✪

സംസ്ഥാനതല ബെസ്റ്റ് പാർലമെന്റേറിയൻ ക്യാമ്പും മോഡൽ പാർലമെന്റും തിരുവനന്തപുരത്ത് ഇന്ന് ആരംഭിക്കും. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും നടത്തിയ യൂത്ത് , മോഡൽ പാർലമെന്റ് മത്സരങ്ങളിലെ വിജയികളാണ് മൂന്ന് ദിവസത്തെ ക്യാമ്പിൽ പങ്കെടുക്കുന്നത്.

ഇന്ന് രാവിലെ സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ മോഡൽ പാർലമെന്റിന്റെ റിപ്പീറ്റ് പെർഫോമൻസും, അനുമോദന സമ്മേളനവും സംഘടിപ്പിക്കും. അനുമോദന സമ്മേളനം മന്ത്രി M.B രാജേഷ് ഉദ്ഘാടനം ചെയ്യും.

തുടർന്ന് നടക്കുന്ന ബെസ്റ്റ് പാർലമെന്റേറിയൻ ക്യാമ്പിൽ സ്പീക്കർ A.N ഷംസീർ, A.A റഹിം MP തുടങ്ങിയവർ സംബന്ധിക്കും.

✪✪✪

---

*News Reader: ഹക്കീം കൂട്ടായി*
*Casual News Readers: നിമിഷ ജി, ഫസ്ന ഫാത്തിമ*
*DEO : ഷീബ*